"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം -ശ്രീമതി പ്രിയങ്ക എസ് ചന്ദ്രൻ, കൃഷി ഓഫീസർ, പനത്തടി കൃഷി ഭവൻ, കാസർഗോഡ് -ന് പഠനാവശ്യത്തിനായി KSR ഭാഗം I, അനുബന്ധം XII B പ്രകാരം അനുവദിച്ച ശൂന്യവേതന അവധിയിൽ ആയിരുന്ന സമയത്ത് ടിയാൾക്ക് പ്രസവാവധി അനുവദിക്കുന്നത് - ഒരു പ്രത്യേക കേസായി പരിഗണിച്ച് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(കൈ) നം.18/2024/AGRI തീയതി,തിരുവനന്തപുരം, 22-02-2024

---

പരാമർശം:-

1 സ.ഉ.(സാധാ) നം 1133/2019/കൃഷി തീയതി 25/11/2019

2 സ.ഉ.(സാധാ) നം 955/2020/കൃഷി തീയതി 23/11/2020

3. ശ്രീമതി പ്രിങ്ക.എസ്.ചന്ദ്രന്റെ 08/02/2021 ലെ പ്രസാവാവധി അപേക്ഷ

4. ശ്രീമതി പ്രിയങ്ക എസ് ചന്ദ്രന്റെ 05/07/2021 ലെ ശൂന്യവേതനാവധി അപേക്ഷ

5. സർക്കാരിന്റെ 18/09/2021 ലെ EA2/75/2019-Agri നം കത്ത്

6. ശ്രീമതി പ്രിയങ്ക.എസ്.ചന്ദ്രന്റെ 03/11/2021 ലെ നിവേദനം (Annexure A7)

7. സർക്കാരിന്റെ 25/02/2022 ലെ EA2/75/2019-Agri നം കത്ത് (Annexure A8)

8. ധനകാര്യ വകുപ്പിന്റെ 16/07/2015 ലെ 66/2015/Fin നമ്പർ സർക്കുലർ (Annexure A9)

9. ബഹു.സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നം 5308/2022കേസിലെ 16/08/2022തീയതിയിലെ വിധിന്യായം

10. OA 414/2022 കേസിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 13/10/2022 ലെ ഉത്തരവ്

**ഉത്തരവ്**

ശ്രീമതി പ്രിയങ്ക എസ്.ചന്ദ്രൻ പിഎസ്‌സി മുഖേന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ അഗ്രികൾച്ചറൽ ഓഫീസറായി നിയമനം ലഭിക്കുകയും 12/02/2019 ന് കാസർഗോഡ് പനത്തടി കൃഷിഭവനിലെ കൃഷി ഓഫീസറായി ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ടിയാൾക്ക് പരാമശം (1) ഉത്തരവ് പ്രകാരം 18/02/2019 മുതൽ 31/08/2020 വരെയും അതിനുശേഷം പരാമശം (2) ഉത്തരവ് പ്രകാരം 01/09/2020 മുതൽ 28/02/2021 വരെയുമുള്ള കാലയളവിൽ, KSR ഭാഗം I അനുബന്ധം XII B പ്രകാരം ശൂന്യവേതന അവധി അനുവദിച്ചിരുന്നു. ശൂന്യവേതന അവധി

കാലയളവിൽ, അപേക്ഷക 14/01/2021 തീയതിയിൽ പ്രസവിക്കുകയും ശൂന്യവേതന അവധിയുടെ തുടർച്ചയായി 14/01/2021 മുതൽ 13/07/2021 വരെയുള്ള കാലയളവിലേക്ക് പ്രസവാവധിക്ക് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് 14/07/2021 മുതൽ 11/09/2021 വരെയുള്ള കാലയളവിൽ പ്രസവാവധിയ്ക്ക് തുടർച്ചയായുള്ള ശൂന്യവേതനാവധി (മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം) അനുവദിക്കുന്നതിനുള്ള അപേക്ഷയും പരാമർശം (4) പ്രകാരം ടിയാൾ സമർപ്പിച്ചിരുന്നു. സർക്കാർ അവധി അപേക്ഷകൾ പരിശോധിക്കുകയും, അനുബന്ധം XII A / XII B / XII C എന്നിവ പ്രകാരം ശൂന്യ വേതന അവധി ലഭിക്കുന്ന ഒരു ഉദ്യോഗസ്ഥന് ഒരു തരത്തിലുള്ള സേവന ആനുകൂല്യത്തിനും അർഹതയില്ലെന്നും ആയതിനാൽ, ശൂന്യവേതന അവധിയിൽ പ്രവേശിച്ചിരുന്ന സമയത്ത് പ്രസവാവധി അനുവദിക്കാനാവില്ലെന്നും പരാമർശം (5) പ്രകാരം അപേക്ഷകയെ അറിയിക്കുകയും ചെയ്തു. അപേക്ഷക 13/09/2021-ന് ജോലിയിൽ പുനഃപ്രവേശിച്ചു.

2) KSR ഭാഗം I റൂൾ 100 & 102, സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ ആർട്ടിക്കിൾ 25 (2) എന്നിവയുടെ അടിസ്ഥാനത്തിൽ ടിയാളുടെ ആവശ്യങ്ങൾ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീമതി. പ്രിയങ്ക. എസ്. ചന്ദ്രൻ സർക്കാർ മുമ്പാകെ പരാമർശം (6) പ്രകാരം നിവേദനം സമർപ്പിക്കുകയുണ്ടായി. സർക്കാർ, ടി വിഷയം പരിശോധിക്കുകയും അനുബന്ധം XII A / XII B / XII C എന്നിവ പ്രകാരം ശൂന്യ വേതന അവധി ലഭിക്കുന്ന ഒരു ഉദ്യോഗസ്ഥന് ഒരു സേവന ആനുകൂല്യത്തിനും അർഹതയില്ലെന്നും ആയതിനാൽ, അനുബന്ധം XII B പ്രകാരമുള്ള ശൂന്യവേതന അവധിയിൽ പ്രവേശിച്ചിരുന്ന സമയത്ത് പ്രസവാവധി അനുവദിക്കാനാവില്ലെന്ന നിലപാടിൽ ഉറച്ചു നിൽക്കുകയും പരാമർശം (7) പ്രകാരം അപേക്ഷ നിരസിക്കുകയുമുണ്ടായി.

3) ശ്രീമതി.പ്രിയങ്ക.എസ്.ചന്ദ്രൻ, സമർപ്പിച്ച അപേക്ഷ നിരസിക്കപ്പെട്ട സാഹചര്യത്തിൽ ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA നമ്പർ 414/2022 കേസ് ഫയൽ ചെയ്യുകയുണ്ടായി. അനുബന്ധം XII A / XII B / XII C എന്നിവ പ്രകാരം ശൂന്യ വേതന അവധി ലഭിക്കുന്ന ഒരു ഉദ്യോഗസ്ഥന് ഒരു സേവന ആനുകൂല്യത്തിനും അർഹതയില്ലെന്നും അതിനാൽ, ശൂന്യവേതന അവധിയിൽ പ്രവേശിച്ചിരുന്ന സമയത്ത് പ്രസവാവധി അനുവദിക്കാനാവില്ലെന്നും വ്യക്തമാക്കികൊണ്ടുള്ള പരാമർശം (7) ലെ സർക്കാർ കത്തും, ധനകാര്യ വകുപ്പിന്റെ പരാമർശം (8) സർക്കുലറും ബഹു ട്രൈബ്യൂണലിൽ അപേക്ഷക ചോദ്യം ചെയ്തിരുന്നു. പ്രസ്തുത കേസിലെ പരാമർശം (10) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിൽ, ടി വിഷയം OP(KAT) No. 34/2021 കേസിലെ 16/02/2021 ലെ ഉത്തരവിന്റേയും സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 5308/2022-ലെ പരാമർശം (9) വിധിന്യായത്തിന്റെയും വെളിച്ചത്തിൽ പുനഃപരിശോധിക്കുന്നതിനും ഉത്തരവിന്റെ പകർപ്പ് ലഭിച്ച് 3 മാസത്തിനുള്ളിൽ സർക്കാർ അപേക്ഷകയെ നേരിൽ കേട്ട ശേഷം ഉത്തരവാകുന്നതിനും നിർദ്ദേശിച്ചിരുന്നു. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയെ 06/12/2022 ന് ഗൂഗിൾ മീറ്റ് മുഖാന്തിരം നേരിൽ കേൾക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സിവിൽ അപ്പീൽ നമ്പർ

5308/2022-ലെ 16/08/2022 ലെ സുപ്രീം കോടതി വിധിന്യായത്തിൽ പ്രസവാവധി സംബന്ധിച്ച ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ കാഴ്ചപ്പാട് വ്യക്തമായി കാണാവുന്നതാണ്. ആയതിൽ Central Civil Service ലീവ് റൂളുകളിലെ സമാനമായ റൂൾ 43 പ്രകാരമുള്ള പ്രസവാവധി അനുവദിക്കുന്നതിനുള്ള നിയന്ത്രണം പ്രകാരം, ടി കേസിൽ പരാതിക്കാരിക്ക് തന്റെ പങ്കാളിയുടെ മുൻ വിവാഹത്തിലെ രണ്ട് നിയമപരമായ കുട്ടികൾ ഉള്ളതിനാൽ മറ്റ് എല്ലാ വിധത്തിൽ അർഹത ഉണ്ടായിരുന്നിട്ടും പ്രസവാവധി അനുവദിക്കുന്നത് നിഷേധിച്ചത് കോടതി പരിശോധിച്ചു. അപേക്ഷകയ്ക്ക് ശിശു സംരക്ഷണ അവധി അനുവദിച്ചത് 1972ലെ CCS റൂൾസിലെ റൂൾ 43 പ്രകാരം പ്രസവാവധിയിൽ നിന്ന് ഒഴിവാക്കാനുള്ള ഒരു ഉപായമായി ഉപയോഗിക്കാനാവില്ലെന്ന് സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. മറ്റേതെങ്കിലും അവധി ലഭിച്ചു എന്നത് ഒരു വനിതാ ജീവനക്കാരിയുടെ, (സ്ഥിരമോ താൽക്കാലികമോ പ്രൊബേഷനറോ പരിശീലനം/അച്ചടക്കനടപടി മുതലായവയുടെ കീഴിലുള്ള ഉള്ളതോ എന്ന് പരിഗണിക്കാതെ) അനിഷേധ്യമായ അവകാശമായ പ്രസവാവധി, അനുവദിക്കുന്നതിനുള്ള അയോഗ്യതയായി കണക്കാക്കി ആയത് നിഷേധിക്കാനാവില്ല എന്ന അടിസ്ഥാന തത്വം പ്രസ്തുത വിധിയിൽ സുവ്യക്തമാണ്. പരിശീലന കാലയളവിലുള്ള ഒരു സ്റ്റൈപൻഡറി ട്രെയിനിക്ക് പോലും ആദ്യ ദിവസം മുതൽ പ്രസവാവധിക്ക് അർഹത ഉണ്ട്. പ്രസവാവധി പോലുള്ള വിഷയങ്ങൾ സംബന്ധിച്ച നിയമങ്ങളുടെ ഉദ്ദേശ ലക്ഷ്യത്തിന് മറ്റ് സർക്കാർ ഉത്തരവുകളേക്കാൾ മുൻഗണന കൽപ്പിക്കേണ്ടതുണ്ട്. സുപ്രീം കോടതിയുടെ വിധി ധനകാര്യ വകുപ്പിന്റെ 16/07/2015 -ലെ സർക്കുലറിലെ നിർദ്ദേശങ്ങളേ തള്ളിക്കളയുകയും ശൂന്യ വേതന അവധിയിൽ ആയിരിക്കേ പ്രസവാവധി ആരംഭിക്കുന്നതിനുള്ള തടസ്സം ഇല്ലതാക്കുകയും ചെയ്തിരിക്കുന്നു. നിലവിലെ പ്രസവാവധി സംബന്ധിച്ച KSR ചട്ടങ്ങൾ പ്രകാരം പ്രസവാവധിയുമായി ചേർത്ത് മറ്റ് അവധികൾ അനുവദിക്കുന്നത്, അവധി അനുവദിയ്ക്കുന്ന അധികാരിയുടെ വിവേചനാധികാരമാണ്. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ 16/07/2015 -ലെ സർക്കുലർ അപ്രസക്തമാണെന്ന് കാണുകയും സുപ്രീം കോടതി വിധി കേന്ദ്രസർവീസ് ജീവനക്കാരുടെ കാര്യത്തിൽ മാത്രമായി ഒതുങ്ങുന്നു എന്ന വ്യാഖ്യാനം സ്വീകരിക്കുവാൻ സാധിക്കുകയില്ലാത്തതിനാൽ ഭരണഘടനയുടെ 129-ഉം 144-ഉം അനുച്ഛേദങ്ങൾ ഇതുമായി ബന്ധപ്പെടുത്തേണ്ടതുണ്ട്. മറ്റേതെങ്കിലും അവധി (LWA ഉൾപ്പെടെ) മുൻപ് പ്രയോജനപ്പെടുത്തിയെന്നത് പ്രസവാവധി ലഭിക്കുന്നതിനുള്ള ഒരു തടസ്സമോ അയോഗ്യതാ മാനദണ്ഡമോ ആയി കണക്കാക്കാനാവില്ലെന്ന തത്വം സുപ്രീം കോടതി ഇതിനകം വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ നിലവിലെ കേസിന് ടി വിധിയുടെ തത്വം പൂർണ്ണമായും ബാധകമാണ് എന്ന് കാണുകയുണ്ടായി.

5) മേൽ സാഹചര്യത്തിൽ ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 5308/2022 കേസിലെ 16.08.2022-ലെ വിധിയുടെ തത്വം ഉൾക്കൊണ്ട് കൊണ്ട് ശ്രീമതി പ്രിയങ്ക എസ് ചന്ദ്രൻ, കൃഷി ഓഫീസർ, പനത്തടി കൃഷി ഭവൻ, കാസർഗോഡ് -ന് ടിയാൾ 18/02/2019 മുതൽ 28/02/2021 വരെ KSR ഭാഗം 1, അനുബന്ധം XII B പ്രകാരം പഠന ആവശ്യത്തിനായി ശൂന്യ വേതന അവധിയിലായിരുന്ന സമയത്ത് 14/01/2021 ന് ടിയാരി പ്രസവിച്ചതിനാൽ 14/01/2021 മുതൽ 13/07/2021 വരെ ടിയാൾക്ക് പ്രസവാവധിയും 14/07/2021 മുതൽ 11/09/2021 വരെ പ്രസവാവധിക്കു തുടർച്ചയായി മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതനാവധിയും അനുവദിക്കുന്നതിന് ഒരു പ്രത്യേക

കേസായി പരിഗണിച്ച്, അനുമതി നൽകി ഉത്തരവാകുന്നു.

6) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 414/2022 നം കേസിലെ 13/10/2022 ലെ ഉത്തരവ് ഇപ്രകാരം പാലിച്ചു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്.ഐ.എ.എസ്
PRINCIPAL SECRETARY & APC

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
ശ്രീമതി പ്രിയങ്ക എസ്.ചന്ദ്രൻ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
അഡ്വക്കേറ്റ് ജനറൽ, വഞ്ചിയൂർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വിഭാഗം ( 21/02/2024 ലെ മന്ത്രിസഭായോഗത്തിന്റെ കുറിപ്പുകൾ, ഇനം. നമ്പർ 2071 പ്രകാരം )
ധനകാര്യ വകുപ്പ് / നിയമ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ വിഭാഗം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(കൃഷി-ഇഎ2/105/2022-കൃഷി)**

ഉത്തരവിൻ പ്രകാരം
Signed by
Aswathi. S. Poonkavanam
Date: 22-02-2024 15:07:51
സെക്ഷൻ ഓഫീസർ

പകർപ്പ് :- കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ് -ന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ -ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ -ക്ക്

<u>രഹസ്യം</u>

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 21-02-2024

ഫയൽ നം. ഇഎ2/105/2022/അഗ്രി.

ഇനം നം: 2071

വിഷയം : കൃഷി വകുപ്പ് - കാസർകോട് പനത്തടി കൃഷിഭവനിലെ കൃഷി ഓഫീസറായ ശ്രീമതി. പ്രിയങ്ക എസ് ചന്ദ്രൻ പഠനാവശ്യത്തിനായി KSR ഭാഗം I, അനുബന്ധം XII B പ്രകാരം ശൂന്യവേതന അവധിയിൽ ആയിരുന്ന സമയത്ത് ടിയാൾക്ക് പ്രസവാവധി അനുവദിച്ച് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

# കേരള സർക്കാർ
## (പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇഎ2/105/2022/അഗ്രി |
| 2 | വകുപ്പ് | : | അഗ്രിക്കൾച്ചർ (ഇഎ) വകുപ്പ് |
| 3 | വിഷയം | : | കാസർകോട് പനത്തടി കൃഷിഭവനിലെ കൃഷി ഓഫീസറായ ശ്രീമതി പ്രിയങ്ക എസ് ചന്ദ്രൻ പഠനാവശ്യത്തിനായി KSR ഭാഗം I, അനുബന്ധം XII B പ്രകാരം ശൂന്യവേതന അവധിയിൽ ആയിരുന്ന സമയത്ത് ടിയാൾക്ക് പ്രസവാവധി അനുവദിച്ച് നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യ മന്ത്രിയുടെ ഉത്തരവ് തീയതി | : | 09/01/2024 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br><br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br><br>: | അതെ<br><br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. മുഹമ്മദ് ഹനീഫ എം. എം. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ. ബി. അശോക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 31.01.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വേണു.വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12.02.2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി പ്രസാദ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട്കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 13.02.2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 14.02.2024 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) കാസർഗോഡ് പനത്തടി കൃഷിഭവനിലെ കൃഷി ഓഫീസറായ ശ്രീമതി പ്രിയങ്ക എസ് ചന്ദ്രൻ-ന് പഠനാവശ്യത്തിനായി KSR ഭാഗം I, അനുബന്ധം XII B പ്രകാരം അനുവദിച്ച ശൂന്യവേതന അവധിയിൽ ആയിരുന്ന സമയത്ത് ടിയാൾക്ക് പ്രസവാവധി അനുവദിക്കുന്നത് സംബന്ധിച്ച വിഷയവുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2) അപേക്ഷക, കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ പിഎസ്സി മുഖേന അഗ്രികൾച്ചർ ഓഫീസറായി നിയമിക്കപ്പെടുകയും 12/02/2019 ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ടിയാൾ 18/02/2019 മുതൽ 31/08/2020 വരെയും അതിനുശേഷം 1/09/2020 മുതൽ 28/02/2021 വരെയുമുള്ള കാലയളവിൽ, KSR ഭാഗം I അനുബന്ധം XII B പ്രകാരം ശൂന്യവേതന അവധിയിൽ പ്രവേശിച്ചിരുന്നു. ശൂന്യവേതന അവധി കാലയളവിൽ, അപേക്ഷക 14/01/2021 തീയതിയിൽ പ്രസവിക്കുകയും ശൂന്യവേതന അവധിയുടെ തുടർച്ചയായി 14/01/2021 മുതൽ 13/07/2021 വരെയുള്ള കാലയളവിലേക്ക് പ്രസവാവധിക്ക് അപേക്ഷിക്കുകയും ചെയ്തു. 14/07/2021 മുതൽ 11/09/2021 വരെയുള്ള കാലയളവിൽ പ്രസവാവധിയ്ക്ക് തുടർച്ചയായുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അപേക്ഷയും അവർ സമർപ്പിച്ചിരുന്നു. സർക്കാർ അപേക്ഷ പരിശോധിക്കുകയും, അനുബന്ധം XII A / XII B / XII C എന്നിവ പ്രകാരം ശൂന്യ വേതന അവധി ലഭിക്കുന്ന ഒരു ഉദ്യോഗസ്ഥന് ഒരു തരത്തിലുള്ള സേവന ആനുകൂല്യത്തിനും അർഹതയില്ലെന്നും അയതിനാൽ, ശൂന്യവേതന അവധിയിൽ പ്രവേശിച്ചിരുന്ന സമയത്ത് പ്രസവാവധി അനുവദിക്കാനാവില്ലെന്നും 18/09/2021 ലെ കത്ത് മുഖേന അപേക്ഷകയെ അറിയിക്കുകയും ചെയ്തു. അപേക്ഷക 13/09/2021-ന് ജോലിയിൽ പുനഃപ്രവേശിച്ചു.

3) KSR ഭാഗം I റൂൾ 100 & 102, സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ ആർട്ടിക്കിൾ 25 (2) എന്നിവയുടെ അടിസ്ഥാനത്തിൽ ടിയാളുടെ ആവശ്യങ്ങൾ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീമതി. പ്രിയങ്ക. എസ്. ചന്ദ്രൻ സർക്കാർ മുമ്പാകെ നിവേദനം സമർപ്പിക്കുകയുണ്ടായി. സർക്കാർ, ടി വിഷയം ധനകാര്യ വകുപ്പുമായി കൂടിയാലോചിക്കുകയും, അനുബന്ധം XII A / XII B / XII C എന്നിവ പ്രകാരം ശൂന്യ വേതന അവധി ലഭിക്കുന്ന ഒരു ഉദ്യോഗസ്ഥന് ഒരു സേവന ആനുകൂല്യത്തിനും അർഹതയില്ലെന്നും ആയതിനാൽ, അനുബന്ധം XII B പ്രകാരമുള്ള ശൂന്യവേതന അവധിയിൽ പ്രവേശിച്ചിരുന്ന സമയത്ത് പ്രസവാവധി അനുവദിക്കാനാവില്ലെന്ന നിലപാടിൽ ഉറച്ചു നിൽക്കുകയും 25/02/2022 ലെ കത്ത് മുഖേന അപേക്ഷ നിരസിക്കുകയുമുണ്ടായി.

4) ശ്രീമതി.പ്രിയങ്ക.എസ്.ചന്ദ്രൻ, സമർപ്പിച്ച അപേക്ഷ നിരസിക്കപ്പെട്ട സാഹചര്യത്തിൽ ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA നമ്പർ 414/2022 കേസ് ഫയൽ ചെയ്യുകയുണ്ടായി. അനുബന്ധം XII A / XII B / XII C എന്നിവ പ്രകാരം ശൂന്യ വേതന അവധി ലഭിക്കുന്ന ഒരു ഉദ്യോഗസ്ഥന് ഒരു സേവന ആനുകൂല്യത്തിനും അർഹതയില്ലെന്നും അതിനാൽ, ശൂന്യവേതന അവധിയിൽ പ്രവേശിച്ചിരുന്ന സമയത്ത് പ്രസവാവധി അനുവദിക്കാനാവില്ലെന്നും വ്യക്തമാക്കികൊണ്ടുള്ള 25/02/2022 ലെ സർക്കാർ കത്തും, ധനകാര്യ വകുപ്പിന്റെ 06/07/2015 -ലെ 66/2015/Fin നമ്പർ സർക്കുലറും ട്രൈബ്യൂണലിൽ അപേക്ഷക ചോദ്യം ചെയ്തിരിന്നു. പ്രസ്തുത കേസിലെ 13.10.2022-ലെ ബഹു. കേരള

അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിൽ, ടി വിഷയം OP(KAT) No. 34/2021 കേസിലെ ഉത്തരവിന്റേയും സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 5308/2022-ലെ വിധിയുടേയും വെളിച്ചത്തിൽ പുനഃപരിശോധിക്കുന്നതിനും ഉത്തരവിന്റെ പകർപ്പ് ലഭിച്ച് 3 മാസത്തിനുള്ളിൽ അപേക്ഷകയെ നേരിൽ കേട്ട ശേഷം ഉത്തരവാകുന്നതിനും നിർദ്ദേശിച്ചിരുന്നു. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയെ നേരിൽ കേൾക്കുകയും കേസ് പുനഃപരിശോധിച്ച് നിയമ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും ഉപദേശം തേടുകയും ചെയ്തു

5) പ്രസ്തുത വിഷയത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം ചുവടെച്ചേർക്കുന്നു:

*"6.07.2015 തീയതിയിലെ No.66/2015/Finance സർക്കുലർ പ്രകാരം "the employees who have entered into LWA under Appendix XII A,B&C are not entitled to any service benefits and hence maternity leave can not be granted to the employee who has entered in to LWA" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ നിലവിലെ കെ.എസ്.ആർ ചട്ടങ്ങൾ പ്രകാരം ശ്രീമതി.പ്രിയങ്ക എസ്.ചന്ദ്രന് maternity ലീവ് അനുവദിയ്ക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. എന്നാൽ ബഹു.സുപ്രീംകോടതിയുടെ CA.5308/22-ലെ വിധിന്യായ പ്രകാരം central civil service rules-ലെ വകുപ്പ് 43 പ്രകാരം maternity ലീവ് അനുവദിയ്ക്കുന്നതിൽ തടസ്സമുണ്ടെങ്കിലും ടി നിയമത്തിന്റെ ഉദ്ദേശലക്ഷ്യം മനസ്സിലാക്കി CSR 43-ൽ ഉൾപ്പെടുത്തിത്തന്നെ maternity ലീവ് അനുവദിയ്ക്കേണ്ടതാണെന്ന് ബഹു. കോടതി ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത സാഹചര്യത്തിൽ കെ.എസ്.ആർ-ലെ Appendix XII ABC -യിൽ ഉൾപ്പെടുത്തി സുപ്രീംകോടതി വിധിന്യായ പ്രകാരം maternity ലീവിന്റെ ഉദ്ദേശ്യലക്ഷ്യം മനസ്സിലാക്കി ലീവ് അനുവദിക്കുന്ന വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്, ധനകാര്യ വകുപ്പ് എന്നിവരുടെ അഭിപ്രായംകൂടി ആരാഞ്ഞുകൊണ്ട് ഭരണ വകുപ്പിന് തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് അറിയിക്കുന്നു".*

6) നിയമ വകുപ്പിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ, ടി വിഷയം സംബന്ധിച്ചുള്ള അഭിപ്രായങ്ങൾക്കായി ഫയൽ ധനകാര്യ വകുപ്പിന് കൈമാറുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

*"കാസർഗോഡ് ജില്ലയിലെ പനത്തടി കൃഷി ഓഫീസറായ ശ്രീമതി.പ്രിയങ്ക.എസ് ചന്ദ്രന് പ്രസവാവധി അനുവദിക്കുന്നതു സംബന്ധിച്ച് ഭരണ വകുപ്പിനെ ചുവടെ പറയും പ്രകാരം അറിയിക്കുന്നു.*

*18/02/2019 മുതൽ 28/02/2021 വരെ വരെ കെ.എസ്.ആർ, ഭാഗം I, അനുബന്ധം XII-B പ്രകാരമുള്ള ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്ന കൃഷി ഓഫീസറായ ശ്രീമതി പ്രിയങ്ക എസ്. ചന്ദ്രന് 16.07.2015 ലെ 66/2015/ധന നമ്പർ സർക്കുലറിന്റെ വെളിച്ചത്തിൽ 14/01/2021 മുതൽ പ്രസവാവധി അനുവദിക്കാനാവില്ലെന്ന് അറിയിച്ചിരുന്നു. എന്നാൽ ടിയാരി ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA 414/2022 നമ്പർ കേസ് ഫയൽ*

ചെയ്യുകയുണ്ടായി. OA 414/2022 നമ്പർ കേസിൻമേൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 13.10.2022 തീയതിയിലെ ഉത്തരവിന്മേൽ നിയമ വകുപ്പ് നൽകിയ ഉപദേശത്തിൽ ടി വകുപ്പ് സൂചിപ്പിച്ചിരിക്കുന്ന ബഹു. സുപ്രീം കോടതി വിധിന്യായം കേന്ദ്ര സർക്കാർ ജീവനക്കാരുടെ സേവന ചട്ടങ്ങളുമായി ബന്ധപ്പെട്ടതാണ്. സേവനത്തിലിരിക്കുന്ന ഒരു ഉദ്യോഗസ്ഥയുടെ പ്രസവാവധിയുടെ അർഹതയാണ് ടി കേസിൽ പരിശോധിച്ചിട്ടുള്ളത്. ആയതിനാൽ ടി വിധിന്യായം ഈ കേസിൽ നേരിട്ട് ബാധകമാകില്ല. ഈ കേസിൽ 12/02/2019 ൽ തുടർച്ചയായ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. പ്രിയങ്ക എസ്. ചന്ദ്രന് പി.എച്ച്.ഡി. കോഴ്സ് പൂർത്തിയാക്കുന്നതിനായി പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുൻപ് കെ.എസ്.ആർ.ഭാഗം I, അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്കു വിധേയമായി 18/02/2019 മുതൽ 31.08.2020 വരെ 25/11/2019 ലെ സ.ഉ. (സാധാ) നം. 1133/2019 ഉത്തരവ് പ്രകാരവും 01.09.2020 മുതൽ 28/02/2021 വരെ 23/11/2020 ലെ സ.ഉ. (സാധാ) നം. 955/2020 ഉത്തരവ് പ്രകാരവും രണ്ട് ഘട്ടങ്ങളിലായി ശൂന്യവേതനാവധി അനുവദിച്ചിരുന്നു. 14/01/2021 തീയതിയിൽ ടിയാരിയുടെ പ്രസവം നടന്നതിനാൽ 14/01/2021 മുതൽ 180 ദിവസത്തെ പ്രസവാവധി അനുവദിക്കണമെന്നതായിരുന്നു ടിയാളുടെ ആവശ്യം. ഇതിൽ നിന്നും അനുബന്ധം XII-B പ്രകാരമുള്ള ശൂന്യവേതന അവധി കാലയളവിൽ ആണ് പ്രസവം നടന്നത് എന്നത് സുവ്യക്തമാണ്. പ്രവേശന കേഡർ ഉൾപ്പെടെ ജോലി ചെയ്യുന്ന ഗ്രേഡിൽ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടുള്ള ഉദ്യോഗസ്ഥർക്കും; പ്രവേശന ഗ്രേഡിൽ പ്രൊബേഷൻ പൂർത്തീകരിച്ച എന്നാൽ, അവർ ജോലി ചെയ്യുന്ന ഗ്രേഡിൽ പ്രൊബേഷൻ പൂർത്തീകരിക്കാത്ത ഉദ്യോഗസ്ഥർക്കും; പ്രവേശന കേഡറിൽ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ലാത്ത ഉദ്യോഗസ്ഥർക്കും അനുബന്ധം XII-B പ്രകാരമുള്ള ശൂന്യവേതന അവധി അനുവദിക്കുന്ന കാലയളവിൽ അവധി ആർജ്ജനം, അർദ്ധവേതന അവധി, ഇൻക്രിമെന്റ്, ഗ്രാറ്റുവിറ്റി, പെൻഷൻ തുടങ്ങിയ സേവന ആനുകൂല്യങ്ങൾ നഷ്ടമാകും എന്ന് കെ.എസ്.ആർ., ഭാഗം ഒന്ന്, അനുബന്ധം XII-B, ചട്ടം (i) ലും (ii) ലും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, കെ.എസ്.ആർ, ഭാഗം I, അനുബന്ധം XII B, ചട്ടം (ii) പ്രകാരം പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് മുൻപായി ടി ചട്ടപ്രകാരമുള്ള ശൂന്യവേതനാവധിയിൽ പ്രവേശിക്കുന്ന ജീവനക്കാരന് അവധി കാലയളവിന് ശേഷം എൻട്രി ഗ്രേഡിൽ തിരികെ സർവ്വീസിൽ പ്രവേശിക്കാമെന്ന അവകാശം മാത്രമാണ് സംരക്ഷിക്കപ്പെടുന്നത്. തിരികെ സർവ്വീസിൽ പ്രവേശിക്കുന്നതിന് മുൻപുള്ള ടിയാന്റെ സേവനകാലയളവ് പെൻഷനുൾപ്പെടെ ഒരു സർവ്വീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല. മാത്രമല്ല, അനുബന്ധം XII-B പ്രകാരമുള്ള ശൂന്യവേതന അവധി മറ്റ് അവധികളുമായി സംയോജിപ്പിക്കുവാനോ തുടർച്ചയായി അനുവദിക്കുവാനോ പാടില്ല എന്ന് ചട്ടം (v) ൽ നിഷ്കർഷിച്ചിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ പ്രൊബേഷൻ പൂർത്തിയാകാതെ അനുബന്ധം XII-B പ്രകാരമുള്ള ശൂന്യവേതന അവധിയിൽ പ്രവേശിച്ച് ടി അവധി കാലയളവിൽ പ്രസവം നടന്ന ശ്രീമതി. പ്രിയങ്ക എസ്. ചന്ദ്രന് പ്രസവാവധിയ്ക്ക് അർഹതയില്ല എന്നത് സുവ്യക്തമാണ്. ഇക്കാര്യത്തിലുള്ള ധനകാര്യ വകുപ്പിന്റെ സുസ്ഥിരമായ നിലപാട് 16/07/2015 ലെ സർക്കുലർ നം. 66/2015/ധന യിൽ സ്പഷ്ടീകരിച്ചിട്ടുമുണ്ട്. അപേക്ഷകയുടെ

ആവശ്യം അനുകൂലമായി പരിഗണിച്ചാൽ തീർപ്പാക്കിയ സമാനമായ കേസുകൾ പുനഃപരിശോധിക്കണമെന്ന ആവശ്യത്തിലേക്കും അനാവശ്യ കീഴ്വഴക്കത്തിലേക്കും അധിക സാമ്പത്തിക ബാധ്യതയിലേക്കും വഴിതെളിച്ചേക്കാം. ആയതിനാൽ അപേക്ഷകയുടെ ആവശ്യം നിരസിച്ച് speaking orders പുറപ്പെടുവിക്കേണ്ടതാണ്".

7) നിയമ വകുപ്പിന്റേയും ധനകാര്യ വകുപ്പിന്റേയും അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ഉത്തരവുകൾക്കായി ഫയൽ സമർപ്പിച്ചപ്പോൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി & എ.പി.സി ഇപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി:
"സിവിൽ അപ്പീൽ നമ്പർ 5308/2022-ലെ സുപ്രീം കോടതി വിധിയിൽ പ്രസവാവധി സംബന്ധിച്ച ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ കാഴ്ചപ്പാട് വ്യക്തമായി കാണാവുന്നതാണ്. Central Civil Service ലീവ് റൂളുകളിലെ സമാനമായ റൂൾ 43 പ്രകാരമുള്ള പ്രസവാവധി അനുവദിക്കുന്നതിനുള്ള നിയന്ത്രണം പ്രകാരം, ടി കേസിൽ പരാതിക്കാരിക്ക് തന്റെ പങ്കാളിയുടെ മുൻ വിവാഹത്തിലെ രണ്ട് നിയമപരമായ കുട്ടികൾ ഉള്ളതിനാൽ മറ്റ് എല്ലാ വിധത്തിൽ അർഹത ഉണ്ടായിരുന്നിട്ടും പ്രസവാവധി അനുവദിക്കുന്നത് നിഷേധിച്ചത് കോടതി പരിശോധിച്ചു. അപേക്ഷകയ്ക്ക് ശിശു സംരക്ഷണ അവധി അനുവദിച്ചത് 1972 ലെ CCS റൂൾസിലെ റൂൾ 43 പ്രകാരം പ്രസവാവധിയിൽ നിന്ന് ഒഴിവാക്കാനുള്ള ഒരു ഉപായമായി ഉപയോഗിക്കാനാവില്ലെന്ന് സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. മറ്റേതെങ്കിലും അവധി ലഭിച്ചു എന്നത് ഒരു വനിതാ ജീവനക്കാരിയുടെ, (സ്ഥിരമോ താൽക്കാലികമോ പ്രൊബേഷനറോ പരിശീലനം/അച്ചടക്കനടപടി മുതലായവയുടെ കീഴിലുള്ള ഉള്ളതോ എന്ന് പരിഗണിക്കാതെ) അനിഷേധ്യമായ അവകാശമായ പ്രസവാവധി, അനുവദിക്കുന്നതിനുള്ള അയോഗ്യതയായി കണക്കാക്കി ആയത് നിഷേധിക്കാനാവില്ല എന്ന അടിസ്ഥാന തത്വം പ്രസ്തുത വിധിയിൽ സുവ്യക്തമാണ്.
പരിശീലന കാലയളവിലുള്ള ഒരു സ്റ്റൈപൻഡറി ട്രെയിനിക്ക് പോലും ആദ്യ ദിവസം മുതൽ പ്രസവാവധിക്ക് അർഹത ഉണ്ട്. പ്രസവാവധി പോലുള്ള വിഷയങ്ങൾ സംബന്ധിച്ച നിയമങ്ങളുടെ ഉദ്ദേശ ലക്ഷ്യത്തിന് മറ്റ് സർക്കാർ ഉത്തരവുകളേക്കാൾ മുൻഗണന കൽപ്പിക്കേണ്ടതുണ്ട്. സുപ്രീം കോടതിയുടെ വിധി ധനകാര്യ വകുപ്പിന്റെ 16/07/2015 -ലെ സർക്കുലറിലെ നിർദ്ദേശങ്ങളേ തള്ളിക്കളയുകയും ശൂന്യ വേതന അവധിയിൽ ആയിരിക്കേ പ്രസവാവധി ആരംഭിക്കുന്നതിനുള്ള തടസ്സം ഇല്ലതാക്കുകയും ചെയ്തിരിക്കുന്നു.
നിലവിലെ പ്രസവാവധി സംബന്ധിച്ച KSR ചട്ടങ്ങൾ പ്രകാരം പ്രസവാവധിയുമായി ചേർത്ത് മറ്റ് അവധികൾ അനുവദിക്കുന്നത്, അവധി അനുവദിയ്ക്കുന്ന അധികാരിയുടെ വിവേചനാധികാരമാണ്. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ 16/07/2015 -ലെ സർക്കുലർ അപ്രസക്തമാണെന്ന് കാണുന്നതിനാൽ ആയതിന് മുൻപ് നിലനിന്നിരുന്ന നിയമത്തിനനുസൃതമായി പ്രസവാവധി അനുവദിക്കുന്ന വിഷയത്തിൽ നിയമ വകുപ്പിന്റെ ഉപദേശം പ്രകാരം ഭരണ വകുപ്പിന് തീരുമാനമെടുക്കാവുന്നതാണ്.
സുപ്രീം കോടതി വിധി കേന്ദ്രസർവീസ് ജീവനക്കാരുടെ കാര്യത്തിൽ മാത്രമായി ഒതുങ്ങുന്നു എന്ന വ്യാഖ്യാനം സ്വീകരിക്കുവാൻ സാധിക്കുകയില്ല. ഭരണഘടനയുടെ 129-ഉം 144-ഉം അനുച്ഛേദങ്ങൾ ഇതുമായി ബന്ധപ്പെട്ടുത്തേണ്ടതുണ്ട്. മറ്റേതെങ്കിലും അവധി (LWA ഉൾപ്പെടെ) മുൻപ് പ്രയോജനപ്പെടുത്തിയെന്നത് പ്രസവാവധി ലഭിക്കുന്നതിനുള്ള ഒരു തടസ്സമോ അയോഗ്യതാ മാനദണ്ഡമോ ആയി കണക്കാക്കാനാവില്ലെന്ന തത്വം സുപ്രീം കോടതി ഇതിനകം വ്യക്തമാക്കിയിട്ടുണ്ട്. നിലവിലെ കേസിന് ടി വിധിയുടെ തത്വം പൂർണ്ണമായും ബാധകമാണ്"

8) പ്രസ്തുത വിഷയത്തിൽ ചീഫ് സെക്രട്ടറി ഇപ്രകാരം നിർദ്ദേശിക്കുകയുണ്ടായി:

"ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് തീരുമാനമെടുക്കേണ്ട കാര്യമായതിനാൽ ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാവുന്നതാണ്.

നിയമ വകുപ്പിന്റെ അഭിപ്രായത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ബഹു.സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രസവാവധി അനുവദിക്കുന്നത് സംബന്ധിച്ച് പൊതു ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിശോധിക്കുന്നതിന് ധനകാര്യ വകുപ്പിനെ ചുമതലപ്പെടുത്താവുന്നതു മാണ്".

9) ഇക്കാര്യത്തിൽ ഉത്തരവുകൾക്കായി ഫയൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ, ടി വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുവാനും ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 5308/2022 കേസിലെ 11.08.2022-ലെ വിധിയുടെ വെളിച്ചത്തിൽ ശൂന്യ വേതന അവധിയിൽ ആയിരിക്കുമ്പോൾ പ്രസവാവധി അനുവദിക്കുന്നത് സംബന്ധിച്ച് പൊതുവായ ഉത്തരവുകൾ പുറപ്പെടുവിക്കാൻ ധനകാര്യവകുപ്പിനെ ചുമതലപ്പെടുത്തുവാനും ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

കാസർഗോഡ്, പനത്തടി കൃഷിഭവൻ കൃഷി ഓഫീസറായ ശ്രീമതി പ്രിയങ്ക എസ്. ചന്ദ്രൻ -ന്, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ടിയാൾ 18/02/2019 മുതൽ 28/02/2021 വരെ KSR ഭാഗം 1, അനുബന്ധം XII B പ്രകാരം പഠന ആവശ്യത്തിനായി ശൂന്യ വേതന അവധിയിലായിരുന്ന സമയത്ത് പ്രസവാവധി ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 5308/2022 കേസിലെ 11.08.2022-ലെ വിധിയുടെ തത്വം ഉൾക്കൊണ്ട് കൊണ്ട് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് അനുവദിക്കാവുന്നതാണോ?